15
ജൂലൈ 2023
ശനി
Pages- 5

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

Vol. 2 Issue 163

532

## മണിപ്പൂരിലെ ക്രൈസ്തവ സമൂഹത്തോടുള്ള കേന്ദ്രസർക്കാരിന്റെ അനാസ്ഥ:

# മിസോറാം ബിജെപി ഉപാധ്യക്ഷൻ രാജിവെച്ചു



പേജ്
4 കാണുക

# മതപരിവർത്തന ആരോപണം : പുരോഹിതന് സുപ്രീം കോടതി ജാമ്യം അനുവദിച്ചു



എഡിറ്റോറിയൽ

## ക്രിസ്ത്യൻ ലൈവ്

2023 ജൂലൈ 15 ശനി



# മനോഹരവസ്തു വെളിപ്പെടാറായി

കഴിഞ്ഞ ചില ആഴ്ചകളായി ലോകം വിവിധ ഇടങ്ങളിൽ കീഴ്മേൽമറിഞ്ഞു കൊണ്ടിരിക്കുകയാണല്ലോ. മണിപ്പൂരിലെ ദുരന്തങ്ങൾ തീരുന്നില്ല. ഇപ്പോൾ ഫ്രാൻസ് കത്തിക്കൊണ്ടിരിക്കുകയാണ്. ഒരു പതിനേഴുകാരൻ നടത്തിയ ട്രാഫിക് വയലേഷനിൽ പിഴയിടുന്നതിനു പകരം വെടി വച്ചതാണു പോലീസിനെ പ്രതിരോധത്തിലാക്കിയത്. അഭയാർത്ഥികളായി എത്തിയവർ വിവിധ രാജ്യങ്ങളിൽ സാമൂഹികപ്രശ്നങ്ങളായി മാറിയിരിക്കുന്നു. അവർ സമാന്തര ഗവൺമെന്റ് ഉണ്ടാക്കി മതനിയമങ്ങൾ സ്ഥാപിച്ചു നാടിന്റെ നിയമങ്ങൾ തങ്ങൾക്ക് ബാധകമല്ല എന്നു പറയുന്നതു മുതൽ അവർ നോട്ടപ്പുള്ളികൾ ആകുന്നു. ചാവേറുകളും കാർ ബോംബുകളും ജനമദ്ധ്യത്തിൽ പൊട്ടിത്തെറിക്കുമ്പോൾ പോലീസും സർക്കാരും സമ്മർദ്ദത്തിൽ ആകുന്നു. വിവേചനാധികാരം ഉണ്ടെങ്കിലും കാര്യങ്ങൾ ശരിക്കും വിലയിരുത്താതെ എടുക്കുന്ന തീരുമാനങ്ങൾ ദുരന്തങ്ങളായിത്തീരുന്നു. ഒരു ചിത്രശലഭത്തിന്റെ ചിറകടി സൃഷ്ടിക്കുന്ന പ്രകമ്പനം ചിലപ്പോഴെങ്കിലും കൊടുങ്കാറ്റായി മാറാറുണ്ട് എന്നു ശാസ്ത്രലോകം!

ഹിജാബ് ധരിക്കുവാനായി ലോകത്തിന്റെ വിവിധയിടങ്ങളിൽ സമരവും പ്രതിഷേധവും നടക്കുമ്പോൾ അതിനെതിരെ ഇറാനിൽ നടക്കുന്ന വിപ്ലവം ലോകശ്രദ്ധ ആകർഷിച്ചു കഴിഞ്ഞു. 300ൽപരം വിപ്ലവകാരികൾ തൂക്കിലേറ്റപ്പെട്ടു കഴിഞ്ഞു. മാറുമറയ്ക്കാനായി സമരം ചെയ്ത നാടാണ് കേരളം. എന്നാൽ ഇന്ന് മാറു മറക്കാതിരിക്കാനാണ് ചിലർ വെമ്പൽകൊള്ളുന്നത്. കഴിഞ്ഞദിവസം ഒരു സെലിബ്രിറ്റി, പണ്ടുകാലത്തു അമ്മച്ചിമാർ ധരിച്ചിരുന്ന ബോഡീസ് പോലുള്ള, അല്പവസ്ത്രം ധരിച്ചു പൊതുജനമധ്യത്തിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. മറ്റൊരുസ്ത്രീ മദ്യപിച്ചു പൊതുനിരത്തിൽ പൂർണ്ണനഗ്നയായി ബഹളം വച്ചു. പോലീസ് കേസ് എടുത്തോ എന്നറിയില്ല. എന്നാൽ നഗ്നതാപ്രദർശനം നടത്തിയ ചില പുരുഷന്മാർ അകത്താവുകയും ചെയ്തു. ഇതൊക്കെ കാണുമ്പോൾ വാസ്തവത്തിൽ ആൾക്കാർക്കു എന്താണു വേണ്ടതു എന്നു നാം സ്വയം ചോദിച്ചു പോകും.

ഇതിനിടെ ഖുറാൻ കത്തിച്ചതിന്റെ പേരിൽ ഇറാനിലെ സ്വീഡിഷ് എംബസിക്കു മുമ്പിൽ ശക്തമായ പ്രതിഷേധം നടക്കുന്നു. ഈദിന്റെ ഒന്നാംദിവസം സ്റ്റോക്ക്ൾഹോമിലെ മോസ്കിനു പുറത്തു ഒരു മനുഷ്യൻ മതഗ്രന്ഥം കത്തിച്ചതാണു പ്രതിഷേധത്തിനു കാരണമായത്. ഇറാൻ സ്വീഡനിലേക്കുള്ള അംബാസഡറെ പിൻവലിച്ചു. പുതിയ അംബാസഡറെ വിടുവാൻ സമ്മതിച്ചിരിക്കുന്നു.

ജർമനിയിൽ നിന്നും പുറത്തു വരുന്ന വാർത്തകൾ അത്ര ശുഭകരമല്ല. യുവാക്കൾ മതരഹിതരും അനാത്മികരും ആയി മാറുന്നു. 5.22 ലക്ഷം പേർ കത്തോലിക്കാ സഭയിൽ നിന്നും 3.8 ലക്ഷം പേർ മറ്റു സഭകളിൽ നിന്നും വിട്ടുപോയിരിക്കുന്നു. ഇങ്ങനെ വിട്ടു പോകുന്നവർ നിരീശ്വരവാദികൾ ആയി മാറുന്നു. പ്രവാസഭൂമിയിലെ മലയാളസഭകളിലെ രാഷ്ട്രീയം യുവാക്കളെ ഇംഗ്ലീഷ് സഭകളിലേക്കു പറഞ്ഞു വിടുകയാണ്.

ഈ സംഭവങ്ങളെല്ലാം ചൂണ്ടിക്കാട്ടുന്നതു ആരും ഒന്നിലും തൃപ്തരല്ല എന്നതാണ്. പുതിയ മേച്ചില്പുറങ്ങക്കായും പുതിയ പരീക്ഷണങ്ങൾക്കായും ജനം ഓടുകയാണ്.

ദൈവം ആകാശത്തെയും ഭൂമിയെയും കടലിനെയും കരയും ഇളക്കുന്നു. സകലജാതികളെയും അവിടുന്ന് ഇളകുന്നു. കാരണം സകലജാതികളുടെയും മനോഹര വസ്തു വെളിപ്പെടാറായി. സത്യാരാധന പുനഃസ്ഥാപിക്കുകയും യെരൂശലേമിലെ ആലയം ശൂന്യതയിൽ നിന്നു മഹത്വപൂർണ്ണമായ തീരുകയും ചെയ്യാനുള്ള സമയം അടുത്തിരിക്കുന്നു (ഹഗ്ഗായി 2:6,7). പ്രവചനങ്ങൾ നിവൃത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. അതിന്റെ പൂർത്തീകരണം നടന്നിരിക്കും.



പാസ്റ്റർ സണ്ണി പി സാമുവൽ
റാസ് അൽ ഖൈമ

# അസംബ്ലിസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് യുവജന ക്യാമ്പ് കുട്ടിക്കാനത്ത്

പുനലൂർ : അസംബ്ലിസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ടിന്റെ യുവജന വിഭാഗമായ ക്രൈസ്റ്റ് അംബാസിഡേഴ്സിന്റെ ജനറൽ ക്യാമ്പ് ആഗസ്റ്റ് 29, 30, 31, 1 (ചൊവ്വ, ബുധൻ , വ്യാഴം, വെള്ളി) തിയതികളിൽ കുട്ടിക്കാനം മാർ ബെസേലിയോസ് എൻജിനിയറിങ്ങ് കോളേജിൽ നടക്കും. തൃശൂർ മുതൽ തിരുവനന്തപുരം വരെയുള്ള ഏ.ജി സഭകളിൽ നിന്നായി ആയിരത്തിലധികം സി.എ അംഗങ്ങൾ പങ്കെടുക്കും. ഡിസ്ട്രിക്ട് സി എ പ്രസിഡന്റ് പാസ്റ്റർ ജോസ് റ്റി ജോർജ് അദ്ധ്യക്ഷത വഹിക്കുന്ന ക്യാമ്പ് 29 ന് സഭാ സൂപ്രണ്ട് റവ.റ്റി.ജെ സാമുവൽ ഉദ്ഘാടനം ചെയ്യും.

വിഞ്ജാനപ്രഥവും ആത്മിക പ്രചോദനവു മായ ക്ലാസുകൾ, ചർച്ചകൾ, കാത്തിരിപ്പു യോഗം , ഗെയിംമുകൾ തുടങ്ങി വിവിധ പ്രോഗ്രാമുകൾ ഈ ക്യാമ്പിൽ ക്രമീകരിച്ചിട്ടുണ്ട്. യുവജനങ്ങൾ ഈ കാലഘട്ടത്തിൽ അഭിമുഖീകരിക്കുന്ന വിഷയങ്ങളെ ആസ്പദ മാക്കി പ്രത്യേക കൗൺസിലിങ്ങ് ക്ലാസുകളും സംഘടിപ്പിച്ചിട്ടുണ്ട്.
ബൈബിൾ ക്ലാസുകൾക്കും പ്രഭാഷണങ്ങൾക്കും ഗാനശുശ്രുഷകൾക്കും
അനുഗ്രഹിതരായ ദൈവദാസൻമാരും അദ്ധ്യാപകരും നേതൃത്വം നല്കും. പ്രസിഡന്റ് പാസ്റ്റർ ജോസ് ടി ജോർജ്, വൈസ് പ്രസിഡന്റ് പാസ്റ്റർ അജീഷ് ക്രിസ്റ്റഫർ , സെക്രട്ടറി പാസ്റ്റർ ഷിൻസ് പി റ്റി,ജോയിന്റ് സെക്രട്ടറി ബിനീഷ് ബി പി, ട്രഷറർ പാസ്റ്റർ ജെ.എം രജീഷ്, ചാരിറ്റി കൺവീനർ ജോയൽ മാത്യു, ഇവാഞ്ചലിസം കൺവീനർ പാസ്റ്റർ സിജു മാത്യു എന്നിവർ സി എ ക്യാമ്പിന് നേതൃത്വം നല്കും .

# ദക്ഷിണ കൊറിയയിൽ കനത്ത മഴയിൽ 20 മരണം




സിസോൾ : ദക്ഷിണ കൊറിയയിൽ കനത്തമഴയിൽ ഉണ്ടായ വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും 20 പേർ മരിച്ചു. ആയിരക്കണക്കിനാളുകളെ മാറ്റിപാർപ്പിച്ചു. മൂന്ന് ദിവസത്തെ പേമാരി വൻ നാശനഷ്ടങ്ങളാണ് രാജ്യത്ത് ഉണ്ടാക്കിയിരിക്കുന്നത്.

വൈദ്യുതി ദിവസങ്ങളായി മുടങ്ങിക്കിടക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങളെല്ലാം താറുമാറായി. സെൻട്രൽ നോർത്ത് ചുങ്ചിയോങ് പ്രവിശ്യയിലെ പ്രധാന അണക്കെട്ടിൽ നിന്ന് ജലം കവിഞ്ഞൊഴുകുകയാണ്. പ്രദേശത്തെ 6,400 പേരെ മാറ്റിപാർപ്പിച്ചു. അണക്കെട്ടിന് സമീപമുള്ള നിരവധി താഴ്ന്ന ഗ്രാമങ്ങളും അവയെ ബന്ധിപ്പിക്കുന്ന നിരവധി റോഡുകളും വെള്ളത്തിനടിയിലായതിനാൽ ചില താമസക്കാർ വീടുകളിൽ കുടുങ്ങിക്കിടക്കുകയായിരുന്നു. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്.



# നിത്യതയിൽ

ചിക്കാഗോ: കോട്ടയം താനവേലിൽ ടി.കെ. മാണി (86) നിത്യതയിൽ ചേർക്കപ്പെട്ടു.
ഭാര്യ: മറിയാമ്മ മാണി കുമ്പനാട് മുളംകുഴിയിൽ കുടുംബാംഗം ആണ്.
മക്കൾ: ഫിന്നി മാണി, ബിജി ഉമ്മൻ, ഈപ്പൻ ടി. മാണി, സാം ടി.മാണി, മേഴ്സി. മരുമക്കൾ : മേഴ്സി മാണി, ജയിംസ് ഉമ്മൻ, മിനി മാണി, വിനി മാണി, സജി ജോൺ.

# അഭിനേതാക്കളുടെ സമരം: ദി ചോസൻ സീസൺ 4ന്റെ ചിത്രീകരണം നിർത്തിവച്ചു

ലോസ് ആഞ്ചലസ്: അഭിനേതാക്കളുടെ സംഘടന സമരം തുടരുന്നതിനാൽ ക്രിസ്ത്യൻ പരമ്പരയായ ദി ചോസൻ സീസൺ 4ന്റെ ചിത്രീകരണം നിർത്തിവെച്ചതായിൽ സംഘടകർ അറിയിച്ചു.



EDITORIAL BOARD

**Chief Editor:**
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji lype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# ഇസ്രായേൽ എംബസിക്ക് മുൻപിൽ ബൈബിൾ കത്തിച്ച് പ്രതിഷേധം



സ്റ്റോക്ക്ഹോം : കഴിഞ്ഞ മാസം ഒരു ഇറാഖി കുടിയേറ്റക്കാരൻ സ്റ്റോക്ക്ഹോം പള്ളിക്ക് പുറത്ത് ഖുറാൻ കത്തിച്ചതിന് മറുപടിയായി ഇസ്രായേൽ എംബസിക്ക് മുൻപിൽ തോറയും ബൈബിളും കത്തിക്കാൻ, പ്രതിഷേധത്തിന് അപേക്ഷ നൽകിയ വ്യക്തി ആവശ്യപ്പെട്ടു. അസോസിയേറ്റഡ് പ്രസ് എടുത്ത തീരുമാനത്തിൽ സ്റ്റോക്ക്ഹോം പോലീസ് പ്രതിഷേധത്തിന് അംഗീകാരം നൽകിയിരിക്കുകയാണ്. ജൂണിൽ ഒരു പ്രതിക്ഷേധക്കാരൻ ഖുറാൻ ചവിട്ടുകയും നിരവധി പേജുകൾ കത്തിക്കുകയും ചെയ്തു. സംഭവം അന്താരാഷ്ട്ര തലത്തിൽ വിവാദമുയർത്തി , ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോർപ്പറേഷന്റെ അടിയന്തര യോഗം ചേരുകയും ഇറാഖ്, കുവൈറ്റ്, യുണൈറ്റഡ് അറബ് എമിറേറ്റ്സ്, മൊറോക്കോ തുടങ്ങിയ രാജ്യങ്ങൾ സ്വീഡിഷ് അംബാസഡർമാരെ വിളിക്കുകയും ചെയ്തു. ഇസ്ലാം വിരുദ്ധ പ്രകടനങ്ങളിൽ ഖുറാൻ കത്തിക്കാൻ പ്രതിഷേധക്കാരെ അനുവദിച്ചതിന് മുസ്ലീം രാജ്യങ്ങളിൽ നിന്ന് സ്വീഡൻ അടുത്തിടെ ശക്തമായ വിമർശനം നേരിട്ടിരുന്നു.

എന്നാൽ പൊതുയോഗങ്ങൾക്കായാണ് പെർമിറ്റുകൾ നൽകുന്നത്, അവയ്ക്കിടയിൽ നടത്തുന്ന പ്രത്യേക പ്രവർത്തനങ്ങൾക്കല്ലെന്ന് സ്റ്റോക്ക്ഹോം പോലീസ് വ്യക്തമാക്കി. മതഗ്രന്ഥങ്ങൾ കത്തിക്കാൻ പെർമിറ്റ് നൽകുന്നില്ലെന്ന് പ്രസ്താവിച്ച് സ്റ്റോക്ക്ഹോം പോലീസിന്റെ പ്രസ് ഓഫീസറായ കരീന സ്കാഗർലിൻഡ് അറിയിച്ചിട്ടുണ്ട്. ഇസ്രായേൽ പ്രസിഡന്റ് ഐസക് ഹെർസോഗ് ഈ തീരുമാനത്തെ അപലപിച്ചു, വിശുദ്ധ ഗ്രന്ഥങ്ങൾ കത്തിക്കാൻ സ്വീഡനിൽ അനുവദിച്ചിരിക്കുന്ന അനുമതിയിൽ അഗാധമായ ആശങ്ക പ്രകടിപ്പിച്ചു. ഹെർസോഗ് ഖുറാൻ കത്തിച്ചതിനെ അപലപിക്കുകയും ജൂത ബൈബിളിന്റെ ആസന്നമായ വിധിയെക്കുറിച്ച് വിലപിക്കുകയും ചെയ്തു. വേൾഡ് സയണിസ്റ്റ് ഓർഗനൈസേഷന്റെ ചെയർമാൻ യാക്കോവ് ഹാഗോയൽ, അനുമതിയെ യഹൂദവിരുദ്ധ പ്രവർത്തനമായി മുദ്രകുത്തി, ഇത് അഭിപ്രായ സ്വാതന്ത്ര്യത്തിന് അതീതമാണെന്ന് പറഞ്ഞു.

# നിർണായക തീരുമാനങ്ങളുമായി മോദി മാക്രോൺ കൂടിക്കാഴ്ച



ന്യൂഡൽഹി: മെയ്ക്ക് ഇൻ ഇന്ത്യ ആത്മനിർഭർ ഭാരത് സംരംഭങ്ങളിൽ ഇന്ത്യയുടെപ്രധാന പങ്കാളിയാണ് ഫ്രാൻസ് എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി നടത്തിയ ചർച്ചകൾക്ക് ശേഷമായിരുന്നു മോദിയുടെ പ്രതികരണം.

ഇന്ത്യൻ നാവികസേനയ്ക്കായി ഫ്രാൻസിൽ നിന്ന് 26 റാഫേൽ എം യുദ്ധവിമാനങ്ങൾ വാങ്ങാനുള്ള നിർദ്ദേശത്തിന് ഡിഫൻസ് അകിസിഷൻ കൗൺസിൽ അംഗീകാരം നൽകിയതിന് തൊട്ടുപിന്നാലെയാണ് പ്രധാനമന്ത്രിയുടെ പരാമർശം. അന്തർവാഹിനികൾ വാങ്ങുന്നതും മാക്രോൺ മോദി കൂടിക്കാഴ്ചയിൽ ചർച്ചയായെന്നാണ് റിപ്പോർട്ട്.

## ജനസേവ ട്രസ്റ്റിന് നൽകിയ സർക്കാർ ഭൂമിയുടെ

# ഉത്തരവ് മരവിപ്പിച്ചു

ബംഗളൂരു: മുൻ ബി.ജെ.പി സർക്കാർ ആർ.എസ്.എസ് സംഘത്തിനു പതിച്ചുനൽകിയ സർക്കാർ ഭൂമി തിരിച്ചുപിടിക്കാൻ കർണാടക സർക്കാർ. ആർ.എസ്.എസ് അനുബന്ധ സംഘമായ 'ജനസേവ ട്രസ്റ്റി'ന് 35.33 ഏക്കർ ഭൂമി നൽകിക്കൊണ്ടുള്ള ബസവരാജ് ബൊമ്മൈ സർക്കാരിന്റെ ഉത്തരവ് സിദ്ധരാമയ്യ ഭരണകൂടം മരവിപ്പിച്ചു. തെരഞ്ഞെടുപ്പിനു തൊട്ടുമുൻപ് ബൊമ്മൈ പതിച്ചുനൽകിയ മറ്റു ഭൂമികൾക്കെതിരെയും നടപടിയുണ്ട്.

കഴിഞ്ഞ സെപ്റ്റംബറിലാണ് ബംഗളൂരു സൗത്തിൽ തവരേക്കരയിലുള്ള കുറുബരഹള്ളിയിൽ ഏക്കർകണക്കിനു ഭൂമി ആർ.എസ്.എസ് ട്രസ്റ്റിന് നൽകിയത്. എന്നാൽ, തെരഞ്ഞെടുപ്പിനു തൊട്ടുമുൻപ് ബി.ജെ.പി സർക്കാർ കൈമാറിയ ഭൂമികളുടെ തൽസ്ഥിതി തുടരാൻ അധികാരത്തിലേറി ദിവസങ്ങൾക്കകം സിദ്ധരാമയ്യ ഉത്തരവിട്ടിരുന്നു. കഴിഞ്ഞ ദിവസം ബി.ജെ.പി നേതാവ് ബംഗളൂരു സൗത്തിൽ വിവിധ സംഘടനകൾക്ക് മുൻ സർക്കാർ നൽകിയ ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ തേടിയത്.

ഇതിനുള്ള മറുപടിയിലാണ് ജനസേവ ട്രസ്റ്റിന് 35.33 ഏക്കർ ഭൂമി നൽകിയതു തടഞ്ഞതായി റവന്യൂ മന്ത്രി കൃഷ്ണ ബൈരെ ഗൗഡ അറിയിച്ചത്. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരമാണ് നടപടിയെന്നും മന്ത്രി അറിയിച്ചു. തെരഞ്ഞെടുപ്പ് ആസന്നമായ സമയത്ത് ബൊമ്മൈ ഭരണകൂടം പതിച്ചുനൽകിയ മറ്റു ഭൂമികൾക്കും ഉത്തരവ് ബാധകമാണെന്നും കൃഷ്ണ ബൈരെ വ്യക്തമാക്കി.

ബൊമ്മൈ സർക്കാർ തിടുക്കപ്പെട്ടു നടത്തിയ ഭൂമി കൈമാറ്റങ്ങളെല്ലാം പുനഃപരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും മന്ത്രി വെളിപ്പെടുത്തി. അനർഹർക്കടക്കം ഇത്തരത്തിൽ ഗ്രാന്റുകൾ ലഭിച്ചിട്ടുണ്ട്. ഓരോ സംഘടനയുടെയും യോഗ്യതയും ലക്ഷ്യങ്ങളുമെല്ലാം പരിശോധിച്ചുവരികയാണ്. പൊതുതാൽപര്യപ്രകാരമുള്ള ഇടപെടലായിരുന്നോ സർക്കാരിന്റേതെന്ന് നോക്കുമെന്നും മന്ത്രി കൃഷ്ണ ബൈരെ അറിയിച്ചു.

# സഭകളുടെ അഭ്യന്തര പ്രശ്നങ്ങൾ പരിഹരിക്കുവാൻ സഭാ നേതൃത്വം തയ്യാറാകണം: അഗ്മ

AGWMMA ASSEMBLIES OF GOD WORLD MALAYALI MEDIA ASSOCIATION

പുനലൂർ : ഇന്ന് തുടർച്ചയായി ഉണ്ടായി കൊണ്ടിരിക്കുന്ന സഭകളുടെ അഭ്യന്തര പ്രശ്നങ്ങൾ പരിഹരിക്കുവാൻ സഭാ നേതൃത്വം തയ്യാറാകണമെന്ന് അസംബ്ലീസ് ഓഫ് ഗോഡ് വേൾഡ് മലയാളി മീഡിയ അസോസിയേഷൻ. വിവിധ പെന്തെക്കോസ്ത് സഭകളിൽ ഇന്ന് നിരവധി പ്രശ്നങ്ങൾ ഉയർന്നു വരികയാണെന്നും പരിഹാരമുണ്ടാകാതെ മിക്കവയും കോടതി വ്യവഹാരങ്ങളിൽ എത്തി ചേരുകയാണ്. വേദപുസ്തക ഉപദേശ പ്രകാരം പ്രശ്നങ്ങൾ പരിഹരിക്കുവാൻ നേതൃത്വം മുൻ കൈയെടുക്കേണ്ടതാണ്. പല വിഷയങ്ങളിലും സമയോചിതമായ ഇടപ്പെടലുകൾ ഉണ്ടാകത്തിനാൻ അവ വഷളാക്കുകയും പിളർപ്പിലേക്ക് നീങ്ങുകയും ചെയ്യുകയാണ്. പ്രദേശിക സഭകളെ ഒന്നിപ്പിച്ച് നിർത്തുന്നതിനും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും വേണ്ടി ശ്രമിക്കുന്നതിനുപകരം കോടതികളിൽ അഭയം പ്രാപിക്കേണ്ടി വരുന്നത് ഒരിക്കലും മാതൃകപരമല്ല. നിരവാര തകർച്ചയിലേക്ക് നയിക്കുന്ന ഈ ദുസ്ഥിതിക്ക് അതിവേഗം തീർപ്പുണ്ടാക്കേതാണെന്ന് ജൂലൈ 14ന് നടന്ന അഗ്മ എക്സികുട്ടിവ് കമ്മിറ്റി അവശ്യപ്പെട്ടു.
പ്രസിഡന്റ് പാസ്റ്റർ ഡി. കുഞ്ഞുമോൻ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പാസ്റ്റർ പോൾ മാള സ്വാഗതവും സെക്രട്ടറി പാസ്റ്റർ സജി ചെറിയാൻ കൃതജ്ഞതയും പറഞ്ഞു.

www.christianlive.in cnl7news@gmail.com +91 98465 52220

# മണിപ്പൂരിലെ ക്രൈസ്തവ സമൂഹത്തോടുള്ള കേന്ദ്രസർക്കാരിന്റെ അനാസ്ഥ: മിസോറാം ബിജെപി ഉപാധ്യക്ഷൻ രാജിവെച്ചു



ഗുവാഹത്തി: മണിപ്പൂരിലെ കുക്കിസോമി ഗോത്രവർഗക്കാരും ഗോത്രവർഗേതര മെയ്തികളും തമ്മിലുള്ള വംശീയ സംഘർഷത്തിൽ ക്രൈസ്തവ സമൂഹത്തോടുള്ള കേന്ദ്രസർക്കാരിന്റെ അനാസ്ഥയിൽ പ്രതിഷേധിച്ച് മിസോറാം ബിജെപി വൈസ് പ്രസിഡന്റ് ആർ.വൻറാംചുവാംഗ വ്യാഴാഴ്ച രാജിവച്ചു. മണിപ്പൂരിലെ ക്രൈസ്തവ വിരുദ്ധ പ്രവർത്തനങ്ങളിൽ താൻ വല്ലാതെ വേദനിച്ചെന്നും മെയ് 3 മുതൽ മണിപ്പൂരിൽ ഉടനീളം 357 ഓളം ക്രൈസ്തവ ദൈവാലയങ്ങളും പാസ്റ്റർ കാർട്ടേഴ്സുകളും വിവിധ പള്ളികളുടെ ഓഫീസ് കെട്ടിടങ്ങളും ഇതിനോടകം കത്തിനശിച്ചെന്നും രാജികത്തിൽ സൂചിപ്പിക്കുന്നു. ഇതിൽ കേന്ദ്രസർക്കാർ യാതൊരു നടപടിയും എടുത്തിട്ടില്ല. വിഷയത്തിൽ അപലപിക്കാൻ പോലും കേന്ദ്രം തയ്യാറായിട്ടില്ലെന്ന് ബിജെപി നേതാവ് പറഞ്ഞു. ഈ സംഘർഷത്തിന് പിന്നിൽ ഏറ്റവും നിരുത്തരവാദപരമായ ആളുകൾ മണിപ്പൂർ മുഖ്യമന്ത്രി എൻ ബിരേൻ സിംഗും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ആണ് . എന്നാൽ ഇവർ സംഘർഷത്തിൽ ഇരകളായ ക്രൈസ്തവരെ സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടു. അമിത് ഷാ മൂന്ന് ദിവസം കലാപ ബാധിത പ്രദേശങ്ങളിൽ എത്തിയെന്നാണ് അവകാശപ്പെടുന്നത്. എന്നാൽ മണിപ്പൂരിൽ ഇപ്പോഴും സംഘർഷം തുടരുകയാണ് അദ്ദേഹം കൂട്ടിച്ചേർത്തു. 2011 ലെ സെൻസസ് പ്രകാരം മണിപ്പൂരിലെ ആകെ ജനസംഖ്യയുടെ 41.29 ശതമാനം ക്രൈസ്തവരാണ്.

# മതപരിവർത്തന ആരോപണം : പുരോഹിതന് സുപ്രീം കോടതി ജാമ്യം അനുവദിച്ചു

മധ്യപ്രദേശ് : ആദിവാസി കുട്ടികളെ മതം മാറ്റാൻ ശ്രമിച്ചുവെന്നാരോപിച്ച് പോലീസ് അറസ്റ്റ് ചെയ്ത പുരോഹിതന് സുപ്രീം കോടതി മുൻകൂർ ജാമ്യം അനുവദിച്ചു. ജബൽപൂർ രൂപതയുടെ അധീനതയിലുള്ള മണ്ഢലയിലെ ഒരു സ്കൂൾ മാനേജർ ഫാദർ സിബി സെബാസ്റ്റ്യനാണ് ജൂലായ് 13ന് മധ്യപ്രദേശ് ഹൈക്കോടതിയുടെ ജബൽപൂർ ബെഞ്ച് മുൻകൂർ ജാമ്യം അനുവദിച്ചത്. സ്കൂൾ കുട്ടികളെ മതംമാറ്റാൻ ശ്രമിക്കുന്നുവെന്നാരോപിച്ച്, സംസ്ഥാന ശിശുക്ഷേമ സമിതി അംഗം യോഗേഷ് പരാശർ പോലീസ് നൽകിയ പരാതിയിൽ ആണ് പുരോഹിതനെ അറസ്റ്റ് ചെയ്തത്. ജുവനൈൽ ജസ്റ്റിസ് നിയമവും ദളിത്ഗോത്രവർഗക്കാരുടെ സംരക്ഷണത്തിനുള്ള പ്രത്യേക നിയമമായ പട്ടികജാതിപട്ടികവർഗ നിയമവും ലംഘിച്ച് സെബാസ്റ്റ്യൻ ആദിവാസി കുട്ടികളെ അടിമവേലയിൽ കുടുക്കുകയാണെന്നും അദ്ദേഹം പരാതിയിൽ അവകാശപ്പെട്ടു.

എന്നാൽ കുട്ടികളുടെ മൊഴികളിൽ മതപരിവർത്തനവുമായി ബന്ധപ്പെട്ട് ഒരു ആരോപണവും ഉന്നയിച്ചിട്ടില്ലെന്ന് ജസ്റ്റിസ് വിശാൽ ധഗത് ജൂലൈ 13ന് പുറപ്പെടുവിച്ച ഉത്തരവിൽ പറഞ്ഞു. 'കുട്ടികളെ തൊഴിലുകളോ, സ്വതന്ത്ര ജോലികളോ ചെയ്യാൻ നിർബന്ധിച്ചതായി പ്രസ്താവിച്ചിട്ടില്ല,' വൈദികന് മുൻകൂർ ജാമ്യം അനുവദിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.മാർച്ചിൽ പ്രത്യേക ജഡ്ജി മുൻകൂർ ജാമ്യാപേക്ഷ തള്ളിയതിനെ തുടർന്നാണ് സെബാസ്റ്റ്യൻ ഹൈക്കോടതിയെ സമീപിച്ചത്. മധ്യപ്രദേശിൽ പള്ളി അധികൃതർക്കെതിരെ സമാനമായ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

# സൗദിയിൽ വർക്ക്ഷോപ്പിൽ വൻ തീപിടിത്തം; പത്ത് പേർ മരിച്ചു

ദമാം: അൽ അഹ്സയിലുണ്ടായ വൻ തീപിടിത്തത്തിൽ മലയാളി ഉൾപ്പെടെ 10 പേർ മരിച്ചു. അൽ ഹസ്സയിലെ ഹുഫൂഫിൽ ഇൻഡസ്ട്രിയൽ മേഖലയിലെ ഒരു വർക്ക്ഷോപ്പിലാണ് വൈകിട്ടോടെ തീപിടിത്തമുണ്ടായത്. എട്ട് പേരുടെ മൃതദേഹങ്ങൾ തിരിച്ചറിഞ്ഞവയിൽ അഞ്ച് പേർ ഇന്ത്യക്കാരും മൂന്ന് പേർ ബംഗ്ലാദേശ് പൗരന്മാരുമാണ്. മരിച്ചവരിൽ ഒരാൾ മലയാളിയാണെന്നാണ് സൂചന. വിവിധ കേന്ദ്രങ്ങളിൽ നിന്നായി പത്തോളം അഗ്നിശമന സേനാംഗങ്ങൾ എത്തിയാണ് തീ നിയന്ത്രണ വിധേയമാക്കിയത്.

# ഡൽഹിയിൽ ശക്തമായ മഴയ്ക്ക് സാധ്യത



ഡൽഹി: ഡൽഹിയിൽ ഇന്ന് യെല്ലോ അലേർട്ട്. ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യത പ്രവചിച്ച് കാലാവസ്ഥാ നിരിക്ഷണ കേന്ദ്രം. രണ്ട് ദിവസം ഡൽഹിയിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്. യമുനാ നദിയിലെ ജലനിരപ്പ് നേരിയതോതിൽ കുറയുമ്പോഴും ഡൽഹി വൻ പ്രളയ ഭീതിയിലാണ്.

യമുന നദിയിൽ ജലനിരപ്പ് അൽപം കുറഞ്ഞത് ജനങ്ങൾക്ക് ആശ്വാസമായെങ്കിലും നഗരത്തിലെ വെള്ളക്കെട്ട് ഇപ്പോഴും തുടരുകയാണ്. ഐടിഒ ചെങ്കോട്ട സുപ്രിംകോടതി അടക്കമുള്ള സുപ്രധാന മേഖലകൾ വെള്ളത്തിന് അടിയിൽ തന്നെയാണ് ഉള്ളത്. കശ്മീരി ഗെയ്റ്റ്, മഹാത്മാഗാന്ധി മാർഗ് അടക്കമുള്ള സ്ഥലങ്ങളിൽ ജലനിരപ്പ് ഉയർന്നത് ഗതാഗതത്തെ സാരമായി ബാധിച്ചു.

വടക്ക് കിഴക്കിന് ഡൽഹിയിൽ വെള്ളക്കെട്ടിൽ മൂന്നു കുട്ടികൾ മരിച്ചു.


## ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5), only son, works as a Chemical Engineer (Schlumberger), invites proposals from parents of spiritual and God fearing girls.“. Preference will be given to those those from medical field. Phone :97455327348. (WhatsApp) Email: jaj3292000@yahoo.co.in

## വധുവിനെ ആവശ്യമുണ്ട്

**Remarriage,Born Again Syrian Christian**
**Boy,31 yr/172 cm,BE.Mech,Pathanamthitta 9946847617**

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Height-179 (B. A Sociology, Bth, Dip Mission., B A. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343.**


# പഠനോപകരണങ്ങൾ വിതരണം ചെയ്തു

ഒലവക്കോട് :ഇന്ത്യ പെന്തകോസ്ത് ദൈവസഭ വാളകം സഭയിലെ അംഗമായ ബ്രദർ ജോർജ് പോൾ, സഭാ പാസ്റ്റർ അലക്സ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ഓലവക്കോട് സെന്ററിലെ വിദ്യാർത്ഥികൾക്ക് പഠനസഹായങ്ങൾ വിതരണം ചെയ്തു. ഐപിസി ഒലവക്കോട് സെന്റർ കോട്ടായി സഭയിൽ വച്ച് നടന്ന ഉപവാസ പ്രാർത്ഥനാനന്തരം ആയിരുന്നു പഠനോപകരണങ്ങൾ വിതരണം ചെയ്തത്.


CHRISTIANLIVE
CHRISTIAN LIVE.IN
Presents
Bhakta Smarana
2023 JULY
15
SATURDAY
07:30PM
AJMAN
BLOOMINGTON SCHOOL
AUDITORIUM
Bro.JEEMON
050-5854760
DR. WILSON JOSEPH
DR. K O MATHEW
CHRISTIAN MUSIC NIGHT WITH THE PARTICIPATION OF FAMILY MEMBERS OF LATE EVG. BHAKTAVALSALAN & FAMOUS DEVOTIONAL SINGERS FROM KERALA
OFFICIAL LAUNCH OF CHRISTIAN LIVE MEDIA OPERATIONS IN UAE
CALL NOW : BRO.SANTHOSH EAPEN
050 6576490